## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.ഡി.സുനിൽകുമാർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 16/2018 നമ്പർ കേസിലെ 05/01/2018 ലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

**സ.ഉ.(സാധാ) നം.249/2018/തസ്വഭവ, തിരുവനന്തപുരം,തീയതി:27.01.2018**

പരാമർശം :

1. ഗ്രാമവികസന കമ്മീഷണറുടെ 02/07/2012-ലെ 23450/എസ്റ്റാ എ 4/15/ സിആർഡി നമ്പർ കത്ത്.
2. 10/04/2013 ലെ സ.ഉ (സാധാ) നം.978/2013/തസ്വഭവ
3. ശ്രീ.ഡി.സുനിൽകുമാർ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.1749/2014-ലെ എം.എ 2587/2014 ലെ 16/10/2014 ലെ ഇടക്കാല ഉത്തരവ്.
4. വ്യാവസായിക പരിശീലന വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 20/11/2017 ലെ എ 2/24230/2017(2) നമ്പർ നടപടിക്രമം.
5. ഗ്രാമവികസന കമ്മീഷണറുടെ 27/11/2017-ലെ 18250/എസ്റ്റാ.എ 3/14/ സിആർഡി നമ്പർ കത്ത്.
6. ശ്രീ.ഡി.സുനിൽകുമാർ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.16/2018 ലെ 05/01/2018-ലെ അന്തിമ ഉത്തരവ്.

### ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ആയ ശ്രീ.ഡി.സുനിൽകുമാർ മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിൽ 2008-09 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ബ്ലോക്ക് ഓഫീസിലെ ഇൻഫർമേഷൻ സെന്ററിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ടിയാനെതിരെ ഗ്രാമവികസന കമ്മീഷണർ അച്ചടക്കനടപടി സ്വീകരിക്കുകയും 1,74,814/- രൂപ (ഒരു ലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറ്റി പതിനാല് രൂപ) നിയമാനുസൃത പലിശ സഹിതം ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ചുകൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവാകുകയും ചെയ്തു. ഗ്രാമ വികസന കമ്മീഷണറുടെ തീരുമാനത്തിനെതിരെ ശ്രീ.ഡി.സുനിൽകുമാർ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും പരാമർശം(2)ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചുകൊണ്ട്

സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പരാമർശം (1),(2) ഉത്തരവുകൾ റദ്ദാക്കണമെന്നപേക്ഷിച്ചുകൊണ്ട് ടിയാൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.1749/2014 നമ്പർ കേസ് ഫയൽ ചെയ്തു. ഹർജിക്കാരനിൽ നിന്നും രണ്ടു മാസത്തേയ്ക്ക് തുക ഈടാക്കുന്നത് പരാമർശം (3) പ്രകാരം ബഹു.ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. പിന്നീട് ഇടക്കാല ഉത്തരവുകളിലൂടെ സ്റ്റേ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. പ്രസ്തുത കേസ് തീർപ്പായിട്ടില്ല.

ശ്രീ.ഡി.സുനിൽകുമാറിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ധനുവച്ചപുരം ഐ.റ്റി.ഐ-യിൽ ജൂനിയർ ഇൻസ്പെക്ടറായി നിയമനം ലഭിച്ചു. ടിയാൻ 16/12/2017-ന് മുൻപ് ജോലിയിൽ പ്രവേശിക്കണമെന്ന് വ്യാവസായിക പരിശീലന വകുപ്പ് ജോയിന്റ് ഡയറക്ടർ പരാമർശം(4) പ്രകാരം നിർദ്ദേശം നൽകി. പുതിയ ജോലിയിൽ പ്രവേശിക്കുന്നതിനായി ഗ്രാമവികസന വകുപ്പിൽ നിന്നും വിടുതൽ ചെയ്യണമെന്ന് ശ്രീ.സുനിൽകുമാർ അപേക്ഷിച്ചതായും ടിയാന്റെ ബാദ്ധ്യത നിലനിർത്തി ടിയാനെ വിടുതൽ ചെയ്യാവുന്നതാണോ എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്നും പരാമർശം(5) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അപേക്ഷിച്ചു.ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ശ്രീ.സുനിൽകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.16/18 ലെ ട്രൈബ്യൂണലിന്റെ പരാമർശം (6) ലെ ഇടക്കാല ഉത്തരവിൽ, ടിയാന് പുതിയ തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി 3 ആഴ്ചത്തേയ്ക്ക് ബഹു.ട്രിബ്യൂണൽ ദീർഘിപ്പിച്ചു നൽകുകയും അതിനുള്ളിൽ ടിയാനിൽ നിന്നും സർക്കാരിലേയ്ക്ക് ഈടാക്കേണ്ട തുകയ്ക്ക് ബോണ്ട് വച്ചതിനു ശേഷം ടിയാനെ വിടുതൽ ചെയ്യുന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുക്കണമെന്നും ഉത്തരവായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിൽ 2008-09 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ബ്ലോക്ക് ഓഫീസിലെ ഇൻഫർമേഷൻ സെന്ററിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.ഡി.സുനിൽകുമാർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തുകയായ 1,74,814/- (ഒരു ലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറ്റി പതിനാല് രൂപ) രൂപയും നിയമാനുസൃത പലിശയും, ടിയാൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ 1749/2014 കേസിലെ അന്തിമ ഉത്തരവിന് വിധേയമായി ഈടാക്കുന്നതിനാവശ്യമായ ബോണ്ട് വച്ചതിനു ശേഷം ടിയാനെ

ഗ്രാമ വികസന വകുപ്പിൽ നിന്നും വിട്ടുതൽ ചെയ്യുന്നതിന് ഗ്രാമ വികസന കമ്മീഷണർക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ശ്രീ.ഡി.സുനിൽകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 16/18 കേസിലെ 05/01/2018 ലെ ഇടക്കാല ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.ഡി.സുനിൽകുമാർ, സീനിയർ ക്ലാർക്ക്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, പാറശ്ശാല (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
3) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ